സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള)
വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012
website: www.scolekerala.org email: scolekerala@gmail.com
Ph:0471 -2342950, 2342271, 2342369

നമ്പർ എ1/2495/2026/സ്കോൾ-കേരള (i) തീയതി 25.07.2026

## സ്കോൾ-കേരള - വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ്-

## 2026 -2028 ബാച്ച് പ്രവേശന വിജ്ഞാപനം

സ്കോൾ-കേരള മുഖേന നടത്തുന്ന വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2026-28 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശന നടപടികൾ 27.07.2026 ന് ആരംഭിക്കും. അപേക്ഷകർക്ക് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ 27.07.2026 മുതൽ ഫീസ് അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് ഫീസ് ഓൺലൈൻ മോഡിൽ (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രഡിറ്റ് കാർഡ്, യു.പി.ഐ.) അടയ്ക്കാവുന്നതാണ്. കോഴ്സ് വിവരങ്ങളും, ഫീസ് ഘടനയും, ഓൺലൈൻ രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോഴ്സിന്റെ അംഗീകാരം | : | 15.03.2007-ലെ സർക്കാർ ഉത്തരവ് (സഉ(സാധ) നം.1170/2007/പൊവിവ) ഉത്തരവ് അനുസരിച്ച് |
| പ്രവേശന യോഗ്യത | : | കേരള സ്റ്റേറ്റ് സിലബസ് പ്രകാരം ഒരു വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ റെഗുലർ കോഴ്സിന് ചേർന്ന് 'ബി' ഗ്രൂപ്പ് തിരഞ്ഞെടുത്ത് പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം. 10.01.2019 ലെ സർക്കുലർ നം. Acad 3/2019 മുഖേന സി.ബി.എസ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Mathematics- Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിൽ Mathematics അഡീഷണലായി തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ. |
| പഠന രീതി | : | ഓഫ്‌ലൈൻ |
| കാലാവധി | : | 2 വർഷം |
| കോഴ്സ് സിലബസ് | : | വൊക്കേഷണൽ ഹയർസെക്കണ്ടറി റഗുലർ കോഴ്സിന്റെ സിലബസ് |
| കോഴ്സ് ഫീസ് | : | 1500/- രൂപ (രണ്ട് വർഷത്തേക്ക്. കോഴ്സ് ഫീസ് ഒരുമിച്ച് ഒടുക്കേണ്ടതാണ്) |
| ഫൈൻ | : | 100/- രൂപ (നിർദ്ദിഷ്ട പിഴകൂടാതെയുള്ള തീയതിക്ക് ശേഷം ഒരു നിശ്ചിത സമയ പരിധിവരെ 100/- രൂപ പിഴയോട് കൂടി ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടാകും) |

**ഫീസൊടുക്കേണ്ട വിധം**

കോഴ്സ് ഫീസായ 1500/- രൂപ ഒറ്റതവണയായി ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഓൺലൈൻ മുഖേന വിദ്യാർഥികൾ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്തശേഷം പേയ്മെന്റ് മോഡിൽ ഓൺലൈൻ തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഡെബിറ്റ് കാർഡ് മുഖേനെ 6500/- രൂപ വരെയുള്ള ഫീസ് അടയ്ക്കുന്നതിനും യു.പി.ഐ. മുഖേനെയുള്ള ഇടപാടുകൾക്കും സർവീസ് ചാർജ് നൽകേണ്ടതില്ല. മറ്റ് സർവീസ് ചാർജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Item | Service charge |
|---|---|---|
| 1. | Debit Card Transactions upto Rs. 6500/- | Nil |
| 2. | Debit Card Transactions above Rs. 6500/- | 1.20% of Transaction amount+ GST |
| 3. | All bank Rupay Debit Card (All amount) | Nil |
| 4. | Credit Card (All amounts) | 1.20% of Transaction amount+ GST |
| 5. | UPI Transactions (All amounts) | Nil |
| 6. | Internet Banking<br>1. SBI (All amounts)<br>2. Other Banks (All amounts) | <br>Rs. 5 + GST<br>Rs. 7 + GST |
| ഓൺലൈൻ ട്രാൻസാക്ഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിദ്യാർഥികൾ ഉറപ്പുവരുത്തേണ്ടതാണ്. | | |

## രജിസ്ട്രേഷൻ

ഓരോ ജില്ലയിലും മാത്തമാറ്റിക്സ് വിഷയമുള്ള, തിരഞ്ഞെടുത്ത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.

- പഠനകേന്ദ്രം അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം സ്കോൾ കേരളയിൽ നിക്ഷിപ്തമായിരിക്കും.
- വിദ്യാർഥികൾക്ക് ഓരോ വർഷവും സി.ഇ.യുടെ ഭാഗമായി 30 മണിക്കൂർ തിയറി ക്ലാസുകൾ വീതം നൽകും. രണ്ടാംവർഷം തിയറി ക്ലാസ്സുകൾക്ക് പുറമേ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സും അനുവദിക്കും.
- സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.
- റെഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് നടത്തുന്നതായിരിക്കും.
- ഒന്നാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സസി.ഇ. രേഖകൾ സമർപ്പിച്ച് എഴുത്തു പരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികളാണ് രണ്ടാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുവാനും, പരീക്ഷ എഴുതുവാനും യോഗ്യരായവർ.

## നിർദ്ദേശങ്ങൾ

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ www.scolekerala.org എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ വി.എച്ച്.എസ്.ഇ. അഡീഷണൽ മാത്തമാറ്റിക്സ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- രജിസ്ട്രേഷൻ ആവശ്യത്തിന് അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും (ആറുമാസത്തിനുള്ളിൽ എടുത്തത്) 24 കെ.ബി മുതൽ 60 കെ.ബി (100 x150 മുതൽ 200 x200 px) സൈസ് ഉള്ളതുമായിരിക്കണം. പാസ്പോർട്ട് സൈസ് ഫോട്ടോ അല്ലാത്ത അപേക്ഷ അസാധുവായി കണക്കാക്കും.
- നിരന്തരമൂല്യനിർണയ ക്ലാസ്സുകൾക്കായി വിദ്യാർഥികൾക്ക് മുൻഗണനാക്രമത്തിൽ ജില്ലയിലെ 2 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. (വയനാട് ജില്ലയിൽ 1 കേന്ദ്രം മാത്രം) .
- സ്കോൾ-കേരള വെബ് സൈറ്റ് മുഖാന്തിരം ഓൺലൈനായി രജിസ്റ്റർ ചെയ്ത് ഡൗൺലോഡ് ചെയ്ത പ്രിന്റൗട്ടിനോടൊപ്പം സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈനായി നിശ്ചിത ഫീസ് ഒടുക്കിയ അസൽ ഓൺലൈൻ ഫീസ് രസീത്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ ജില്ലാകേന്ദ്രത്തിലോ, സ്കോൾ-കേരള സംസ്ഥാന ഓഫീസിലോ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൈപ്പുസ്തകം 2026 കാണുക.

**അപേക്ഷ അയയ്ക്കേണ്ട വിലാസം**

അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ തുടങ്ങുന്ന തീയതി | - | 27.07.2026 |
| പിഴ കൂടാതെ ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി | - | 17.08.2026 |
| 100/- രൂപ പിഴയോട് കൂടി ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി | - | 03.09.2026 |

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA

എക്സിക്യൂട്ടീവ് ഡയറക്ടർ